# നസ്രാണി

Vol. 1 No. 2 APRIL 1990

## സാമൂഹ്യനീതി നടപ്പാക്കൂ അല്ലെങ്കിൽ നശിക്കൂ (I)

### ഗീവർഗീസ് മാർ ഒസ്താത്തിയോസ്

സോഷ്യലിസത്തെക്കുറിച്ച് ബൈബിൾ എന്തു പഠിപ്പിക്കുന്നു.

ബൈബിളിലെ അസംഖ്യം ഭാഗങ്ങളിൽ സാമൂഹ്യനീതിയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. എന്നാൽ സഭ അവയെ എല്ലാം സൗകര്യപൂർവ്വം പരിഗണിക്കാതെയും പഠിപ്പിക്കാതെയും ഇരിക്കുകയാണ്. ഇസ്രായേലിൽ ജറോബാം II ന്റെയും യൂദയായിൽ ഊസിയായുടെയും കാലത്ത് സമ്പത്ത് ഏതാനും വ്യക്തികളിൽ കുന്നുകൂടിയിരിക്കുന്നത് കണ്ട് സഹികെട്ട ആമോസ് അതിനെ നഖശിഖാന്തം എതിർക്കുന്നത് നാം പഴയനിയമത്തിൽ കാണുന്നു. സാമൂഹ്യനീതിക്കുവേണ്ടി 2700 വർഷങ്ങൾക്കു മുൻപ് അദ്ദേഹം നടത്തിയ ഗർജ്ജനം ഇന്നും മരുഭൂമിയിലെ രോദനം പോലെ ആരും ചെവിക്കൊള്ളാതെ പോവുകയാണ്. ആരംഭത്തിൽ തന്നെ കാണുന്നു. (ആമോസ് 1:2) ''കർത്താവ് സീയോനിൽ നിന്ന് ഗർജ്ജിക്കുന്നു. ജെറുസലേമിൽ നിന്ന് സ്വരം ഉയർത്തുന്നു'' എന്ന വാക്യത്തിലെ സീയോനു പകരം ന്യൂയോർക്കോ, ലണ്ടനോ, റോമോ, ബോംബെയോ ആക്കി മാററിക്കൊണ്ട് ഇന്നും ആവർത്തിക്കപ്പെടുന്നു. ബി. സി. 8–ാം നൂററാണ്ടിൽ ഈ ആരോപണങ്ങൾക്കുണ്ടായിരുന്ന പ്രാധാന്യം ഇന്നും തുടരുന്നു. B. C. 722 ൽ സമേരിയായുടെ പതനത്തിനു മുൻപ് നിലനിന്നിരുന്ന ചൂഷണവും അനീതിയും നിറഞ്ഞ അവസ്ഥയെക്കുറിച്ച് അദ്ദേഹം പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കു.

(a) സാഹോദര്യത്തിന്റെ ഉടമ്പടി അവർ ഓർമ്മിക്കുന്നില്ല (1 9) നാം സാഹോദര്യത്തിന്റെ ഉടമ്പടി ഓർമ്മിക്കുകയാണെങ്കിൽ ഇന്ന് ചൂഷണം ഉണ്ടാവുകയില്ല. സഭയും മനുഷ്യവർഗ്ഗം മുഴുവനും ഒന്നായിത്തീരുന്ന പ്രക്രിയ ദ്രുതഗതിയിലാവുകയും ചെയ്യും.

(b) അയാൾ വാളുമായി സഹോദരനെ പിന്തുടർന്നു. തീർത്തും നിർദ്ദയനായി.....
(1:11) ഇന്ന് മനുഷ്യൻ യാതൊരു ദയയും കൂടാതെ, മനുഷ്യവർഗ്ഗത്തെ മുഴുവനും നശിപ്പിക്കുവാൻ വേണ്ടുന്ന ആയുധങ്ങൾ കരുതി വെച്ചിരിക്കുകയാണ്.

(c) ഞാൻ ശിക്ഷ പിൻവലിക്കില്ല. കാരണം അവർ തങ്ങളുടെ അതിർത്തി വിസ്തൃതമാക്കാൻ ഗിലെയാദിലെ ഗർഭിണികളെ കുത്തിപ്പിളർന്നിരിക്കുന്നു. (1:13) W.C.C. യുടെ നയറോബിയിൽ നടന്ന അഞ്ചാം അസംബ്ലിയിൽ അവതരിപ്പിക്കപ്പെട്ട ഒരു നാടകത്തിലെ; അമ്പുപോലെ തുളച്ചുകയറുന്ന ഒരു വാചകം ഇവിടെ പ്രസ്താവയോഗ്യമാണ്. ''മിഷനറിമാർ വന്നപ്പോൾ ജനങ്ങൾക്ക് വസ്തുവകകളും അവർക്കു ബൈബിളും ഉണ്ടായിരുന്നു. ഇപ്പോൾ ഞങ്ങൾക്ക് ബൈബിളും അവർക്ക് വസ്തുവകകളും,'' പാശ്ചാത്യ രാജ്യങ്ങളുടെ മിഷൻ പ്രവർത്തനങ്ങളുടെയും കൊളോ

ണിയലിസത്തിന്റെയും പച്ചയായരൂപം ഇതാണ്. ഇതിൽ നിന്ന് തന്നെയാണ് ഇന്ന് വികസ്വരരാജ്യങ്ങൾ സ്വാതന്ത്ര്യം നേടിക്കൊണ്ടിരിക്കുന്നത്.

(d) ..........''അവർ നീതിമാനെ വെള്ളിക്കുവേണ്ടിയും പാവപ്പെട്ടവനെ ഒരു ജോഡി ചെരിപ്പിനുവേണ്ടിയും വിൽക്കുന്നു. അവർ ദരിദ്രന്റെ തല നിലത്തെ പൊടിയിലേയ്ക്ക് ചവിട്ടിത്താഴ്ത്തുന്നു. പീഡിതരെ അവരുടെ പാതയിൽ നിന്ന് തള്ളിമാറ്റുന്നു.........'' (2: 6, 7) അടിമപ്പണിയിന്നു. ഇന്ത്യയിൽ നിന്നും തുടച്ചുമാറ്റിയിട്ടില്ല.

(e) ''എന്നാൽ നിങ്ങൾ നാസീർ വ്രതക്കാരെ വീഞ്ഞുകുടിപ്പിക്കുകയും പ്രവാചകരോട് നിങ്ങൾ പ്രവചിക്കരുത് എന്ന് ആജ്ഞാപിക്കുകയും ചെയ്തു (2: 12) ശമര്യപർവ്വതത്തിലെ ബാശാൻ പശുക്കളെ, ദരിദ്രരെ മർദ്ദിക്കുകയും പാവപ്പെട്ടവരെ ഞെരുക്കുകയും സ്വന്തം ഭർത്താക്കന്മാരോട് ഞങ്ങൾക്ക് കുടിപ്പാൻ കൊണ്ടുവരൂ എന്നു പറയുകയും ചെയ്യുന്നവരേ, നിങ്ങൾ ഈ വചനം കേൾക്കുക. (4: 11)

(f) ഞാൻ വസന്ത ഗൃഹവും ഗ്രീഷ്മഗ്രഹവും തകർത്തുകളയും, ദന്തഗൃഹങ്ങളും നശിച്ചുപോകും, വിശിഷ്ടഗൃഹങ്ങൾ നാമാവശേഷമാകും (3: 15, 6: 4) 1917ൽ ഇത് അക്ഷരാർത്ഥത്തിൽ റഷ്യയിൽ സംഭവിച്ചു. പാശ്ചാത്യരാജ്യങ്ങളിൽ ഇന്ന് സ്വകാര്യമണിമാളികകളുടെ എണ്ണം വർദ്ധിക്കുകയും ചെററക്കുടിലുകളിലെ ശോചനീയാവസ്ഥയ്ക്ക് യാതൊരു മാററവും വരാതെ തുടരുകയുമാണ്. നമ്മുടെ സുഖസൗകര്യങ്ങൾ കുറച്ചുകൊണ്ട് പാവപ്പെട്ടവന്റെ നീറുന്ന പ്രശ്നങ്ങളിലേയ്ക്ക് നാം തിരിയുന്നില്ലായെങ്കിൽ ദൈവകോപത്തിന് നമ്മുടെ തലമുറയും പാത്രീഭവിക്കേണ്ടിവരും

(g) നിങ്ങൾ ന്യായത്തെ കയ്പുള്ളതാക്കുന്നു. നീതിയെ നിലത്തു് വലിച്ചെറിയുന്നു. (5: 7) നിങ്ങൾ നീതിമാനെ പീഡിപ്പിക്കുകയും കോഴവാങ്ങുകയും നഗരകവാടത്തിങ്കൽവച്ചു പാവപ്പെട്ടവനെ തകിടം മറിക്കയും ചെയ്യുന്നു. തിന്മയെ വെറുക്കുക; നന്മയെ സ്നേഹിക്കുക, നഗരകവാടത്തിങ്കൽ നീതി സ്ഥാപിക്കുക (5: 12–15) ഇന്നത്തെ ബഹുരാഷ്ട്ര കുത്തകകളുടെ ചൂഷണം കണ്ടിരുന്നുവെങ്കിൽ ആമോസ് ഗർജ്ജിക്കുമായിരുന്നു എന്നതിന് സംശയമില്ല. ആമോസിന്റെ കാലത്തെ ചെറിയ കൈക്കൂലികൾ ഇന്ന് ലോക്ക് ഹീഡ് സംഭവവും ബോഫോഴ്സ് ഇടപാടും പോലുള്ള വലിയ അഴിമതികളിൽ എത്തി നിൽക്കുകയാണ്. നിങ്ങളുടെ തിരുനാളുകൾ ഞാൻ വെറുക്കുന്നു. നിങ്ങളുടെ പാവനസമ്മേളനങ്ങളിൽ ഞാൻ ആമോദിക്കുന്നില്ല......നിന്റെ പാട്ടുകളുടെ ശബ്ദത്തിൽ നിന്ന് എന്നെ മോചിപ്പിക്കുക നിന്റെ വീണാനാദം ഞാൻ ചെവിക്കൊള്ളുന്നില്ല. ''ന്യായം വെള്ളംപോലെ ഒഴുകട്ടെ, നീതി വററാത്ത അരുവിപോലെയും'' (5: 21–22) പ്രൗഢ ഗംഭീരമായ പള്ളിപ്പെരുന്നാളുകൾക്കും ഡംബോടുകൂടിയ ആഘോഷങ്ങൾക്കും എതിരായിട്ടുള്ള താക്കീതാണിതെന്ന് നമ്മൾ മനസ്സിലാക്കണം.

(i) പാവപ്പെട്ടവരെ ചവിട്ടിമെതിക്കയും ദേശത്തിലെ ദരിദ്രരെ നശിപ്പിക്കുകയും ചെയ്യുന്നവരേ, ''ഞങ്ങൾക്ക് ധാന്യം വിൽക്കണമല്ലോ......ചെറിയ ഏഫയും വലിയ ശേക്കലും കള്ളത്തുലാസുകളും ഉപയോഗിക്കണമല്ലോ, അങ്ങനെ വെള്ളിക്ക് ദരിദ്രനേയും, ഒരു ജോടി ചെരിപ്പിന് പാവപ്പെട്ടവനേയും വിലയ്ക്കു വാങ്ങണമല്ലോ, ഗോതമ്പിന്റെ പതിരു വിൽക്കണമല്ലോ, അതിന് എപ്പോഴാണ് ശാബത്ത് കഴിയുക?'' എന്നിങ്ങനെ ചോദിക്കുന്നവരേ, നിങ്ങൾ ഇതു് കേൾക്കുക (8: 4–6) ഇന്ന് കരിഞ്ചന്തയും കള്ളത്തുലാസും അന്തർദേശീയ വ്യാപാരങ്ങളിൽ വരെ എത്തിയിരിക്കയാണ്. പാപം മറച്ചു പിടിക്കുവാൻ ദരിദ്ര രാഷ്ട്രങ്ങൾക്ക് ധനസഹായവും നൽകപ്പെടുന്നു.

(തുടരും)

## ഗ്രന്ഥ നിരൂപണങ്ങളിൽ നിന്ന്

### സ്വർഗ്ഗീയമന്ന

ഗ്രന്ഥ. ഫാ. ജി. ജോൺ

പേജ്– 270 വില– 25ക.

പ്രസാധകർ– സെൻറ്പോൾസ് ബുക്ക് ഡിപ്പോ. മാവേലിക്കര–3.

സഭാ ജീവിതത്തിന്റെ കേന്ദ്രമാണ് വി: കുർബ്ബാന. ദൈവിക രഹസ്യത്തെക്കുറിച്ചുള്ള വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും അർത്ഥവത്തായിതീരുന്നത് വി: കുർബ്ബാനയുടെ അനുഭവത്തിലാകുന്നു. എല്ലാ കൂദാശകളുടേയും അർത്ഥം വി: കുർബ്ബാനയിൽ കേന്ദ്രീകരിക്കുന്നു. ഈ 'കൂദാശകളുടെ കൂദാശ'യെക്കുറിച്ചുള്ള പഠനങ്ങൾ മലയാള ഭാഷയിൽ ചുരുക്കമാണ്. ഉള്ളവ തന്നെ ശരിയായ വിശദീകരണങ്ങളും പൗരസ്ത്യ സഭാപിതാക്കന്മാരുടെ ഉൾക്കാഴ്ചകളുംകൊണ്ട് സംപുഷ്ടമാണോ എന്ന സംശയമുണ്ട്.

വി: കുർബ്ബാനയെക്കുറിച്ച് ഇതുവരെ എഴുതപ്പെട്ട കൃതികളിൽവച്ച് ഏററവും പ്രയോജനപ്രദമായ ഒരു ഗ്രന്ഥമാണ് റവ: ഫാ: ജി. ജോൺ എഴുതിയ 'സ്വർഗ്ഗീയമന്ന''. മൂന്നു ഭാഗങ്ങളിലായി 12 അദ്ധ്യായങ്ങൾ, ഓർത്തഡോക്സ് സഭാ വിശ്വാസത്തിനനുരൂപമായ പഠനമാണിതു്. കൂദാശയെന്നാൽ എന്തെന്നതിനെക്കുറിച്ചുള്ള നല്ല ഒരു വിശദീകരണം പശ്ചാത്തലമായി കൊടുത്തിരിക്കുന്നു. വി: വേദപുസ്തകം, സഭാ, സഭയുടെ ആരാധന, ബലി അർപ്പിക്കുന്ന പുരോഹിതന്റെ സ്ഥാനം, ബലിയുടെ അർത്ഥം, കുർബ്ബാനയുടെ രഹസ്യവും പരസ്യവുമായ ശുശ്രൂഷാഭാഗങ്ങൾ, സഭാപിതാക്കന്മാരുടെ സാക്ഷ്യം, ആരാധനയും മിഷനും തുടങ്ങിയവയുമായി വി:കുർബ്ബാനയെ സമർത്ഥമായി ബന്ധിപ്പിച്ച് വ്യാഖ്യാനിച്ചിരിക്കുന്നു ഈ ഗ്രന്ഥത്തിൽ, ചോദ്യോത്തരങ്ങൾ സഹിതം.

ആദിയോടന്തം നല്ല ഭാഷ ഹൃദയത്തിൽ തറയ്ക്കുന്ന പ്രതിപാദന രീതി. ധ്യാന കൃതിപോലെ വായിക്കുവാൻ സുഗമമായത്. സഭയിലെ എല്ലാഭവനങ്ങളിലും ഈ കൃതി കരുതുന്നത് നല്ലത്. ആദ്ധ്യാത്മീക പ്രസ്ഥാനങ്ങൾ ഈ കൃതിപഠന വിഷയമാക്കണം.

ഗ്രന്ഥകർത്താവായ റവ. ഫാ. ജി. ജോൺ എഴുതിയ 'സഭയും ദരിദ്രരും' എന്ന കൃതി C L S പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളത്തിലെ യുവ ദൈവ ശാസ്ത്രജ്ഞന്മാരിൽ ശ്രദ്ധേയമായ സ്ഥാനം കൈവച്ചിരിക്കുന്നു അദ്ദേഹം. സെൻറ് പോൾസ് ആശ്രമാംഗവും, മാവേലിക്കര മിഷൻ ട്രയിനിങ്ങ് സെൻറർ വൈസ് പ്രിൻസിപ്പാളും, മലങ്കര ഓർത്തഡോക്സ് സഭാ മിഷൻ ബോർഡ് സെക്രട്ടറിയുമായ ഫാ. ജി. ജോൺ ഇത്തരം നല്ല ഗ്രന്ഥങ്ങളുടെ രചന വഴി സഭാ മാതാവിനെ കൂടുതൽ സമ്പന്നമാക്കട്ടെ. 'സ്വർഗ്ഗീയമന്ന'ക്ക് പ്രചുര പ്രചാരം നേരുന്നു

റവ.ഫാ. **K.L. മാത്യു വൈദ്യൻ**

(സഭ വക ബുക്ക് സ്റ്റാളുകളിൽ നിന്നും ഈ ഗ്രന്ഥം ലഭിക്കും. പ്രസാധകരുടെ പേർക്ക് പുസ്തകത്തിന്റെ വില M O. ആയി അയച്ചു കൊടുത്താൽ പുസ്തകം തപാലിൽ ലഭിക്കും.)

## പുസ്തക പ്രകാശനങ്ങൾ

കോട്ടയം അന്തർദേശീയ പുസ്തകമേളയോടനുബന്ധിച്ച് നടന്ന ക്രിസ്തീയ സാഹിത്യ സായാഹ്നത്തിൽ വച്ച് പോൾ മണലിൽ രചിച്ച് C. L S. പ്രസിദ്ധീകരിച്ച 'ക്രിസ്തു ഭാരതീയ ചിത്രകലയിൽ' എന്ന ഗ്രന്ഥം എബ്രഹാം മാത്യുവിന് നൽകിക്കൊണ്ട് ഡോ. സാമുവേൽ ചന്ദനപ്പള്ളിയും, ജോയൻ കുമരകത്തിന്റെ ഏഴ് ബാല സാഹിത്യകൃതികൾ സിപ്പി പള്ളിപ്പുറത്തിന് നൽകി ജോൺ കച്ചിറമററവും പ്രകാശനം ചെയ്തു.

മധുര കാമരാജ് യൂണിവേഴ്സിററിയിലെ മലയാളം വകുപ്പു മേധാവി ഡോ. സി. ജെ. റോയി എഴുതി N.B.S പ്രസിദ്ധീകരിച്ച 'ഭാവുകത്വത്തിന്റെ പാതയിൽ' എന്ന നിരൂപണഗ്രന്ഥം, ഫെബ്രുവരി 10ന് ഡോ. കെ. എം. തരകൻ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വച്ച് മലയാള മനോരമ ചീഫ് എഡിററർ കെ. എം. മാത്യു പ്രകാശനം ചെയ്തു.

# പാപമോചനപ്രക്രിയ

## ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

പാപത്തിന്റെ ശക്തി പണ്ടത്തേക്കാൾ ക്രമാധികം വർദ്ധിച്ചിരിക്കുന്നുവെന്നു തോന്നുന്നു. പിശാചിനു ദൈവം പ്രത്യേക ലൈസൻസ് കൊടുത്തിരിക്കുകയാണെന്നു ചിലർക്ക് തോന്നുന്നതിൽ അത്ഭുതമില്ല. ദ്രവ്യാഗ്രഹം. ശിക്ഷണ രാഹിത്യം, സ്വാർത്ഥത, ക്രൂരത, മോഹപൂരണവ്യഗ്രതാ, മദ്യപാനം, പ്രാർത്ഥനയില്ലായ്മ ഇവയൊക്കെ പണക്കാരിലും, പാവപ്പെട്ടവരിലും, ഇടത്തരക്കാരിലും ഒരു പോലെ പടരുന്നു.

ഇടവകകളിലാണെങ്കിലും അല്പം പണമുണ്ടായിത്തുടങ്ങിയതോടെയാണെന്നു തോന്നുന്നു, അധികാരമോഹവും മഹത്വമോഹവും മൂലമുള്ള കൊച്ചുകലഹങ്ങൾ വർദ്ധിച്ചു വരുന്നു. പള്ളിയുടെ പണം അപഹരിക്കുന്നതിൽ നിന്നു പോലും പലരുടെയും മന:സാക്ഷി അവരെ പിടിച്ചു നിർത്തുന്നില്ല.

രാഷ്ട്രത്തിൽ പൊതുവേ ധാർമ്മികതയുടെ അധഃപതന ലക്ഷണങ്ങൾ ഉടനീളം കാണുന്നു. പാർട്ടിയിലായാലും, പള്ളിയിലായാലും ധാർമ്മികതയേക്കാൾ അധികാരമോഹമാണ് കളിയാടിക്കാണുന്നത്.

ദ്രവിച്ചുകൊണ്ടിരിക്കുന്ന പാശ്ചാത്യ സംസ്കാരത്തിന്റെ മാരകമൂല്യങ്ങൾ നമ്മുടെയിടയിലേക്കും കടന്നുവരാൻ തുടങ്ങിയിട്ട് നാളേറെയായി. ഭാരത സംസ്കാരത്തിനു സ്ഥാവരമായ എന്തെങ്കിലും മഹത്വമുണ്ടെങ്കിൽ അതു ധാർമ്മികതയിലും ആധ്യാത്മികതയിലും അധിഷ്ഠിതമാണ്. ആ ധാർമ്മികതയും ആധ്യാത്മികതയുമാണ് നമുക്ക് ഇന്നു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതു്.

ഒരു കാലത്തു നമ്മുടെ നാട്ടിൽ ക്രിസ്തീയ സ്ഥാപനങ്ങളും സമൂഹങ്ങളും ധാർമികതയെ ഉയർത്തിപ്പിടിക്കുന്നവരായിരുന്നു. ഇന്നാകട്ടെ അവിടെത്തന്നെയാണ് ധാർമികതയുടെ അധഃപതനം കൂടുതലായി കാണുന്നത്. ഹിന്ദുക്കളുടേയും മുസ്ലീങ്ങളുടേയും സ്ഥാപനങ്ങൾ ക്രിസ്തീയ സ്ഥാപനങ്ങളേക്കാൾ ഉദാത്തമായ നിലവാരം പരിപാലിക്കുന്നു എന്നു വാദിക്കുന്നില്ല. പക്ഷേ മററു മതങ്ങൾക്കു പോലും മാതൃകയാകേണ്ടുന്ന ക്രിസ്തുമതം ധാർമികാധഃപതനത്തിൽ കൂടെ കടന്നു പോകുമ്പോൾ അന്യമതങ്ങളിലും അതേ പ്രതിഭാസം ഉണ്ടാകുന്നതിൽ അത്ഭുതപ്പെടാനില്ല.

ക്രിസ്തീയ ധാർമികതയേയും ആധ്യാത്മികതയേയും ഉയർത്തിപ്പിടിയ്ക്കുന്നതിൽ ഒരു പ്രധാന പങ്കാണു മെത്രാന്മാർക്കും വൈദീകർക്കും ഉള്ളതു്. സ്വാർത്ഥതയും സ്ഥാനമോഹവും സ്വന്തതാത്പര്യങ്ങളെക്കുറിച്ചുള്ള വ്യഗ്രതയും അവരിൽ അധികമായി കാണുമ്പോൾ പൊതുവേയുള്ള ധാർമിക നിലവാരം ഇടിഞ്ഞുപോകുന്നു. ക്രൈസ്തവ വൈദീകർ സേവന തല്പരരായും പ്രാർത്ഥനാനിരതരായും നിസ്വാർത്ഥരായും കാണുകയെന്നുള്ളതു സമൂഹത്തിന്റെ തന്നെ ഒരാവശ്യമാണ്.

പാപത്തോടുള്ള പോരാട്ടമാണ് സഭയുടെ പ്രധാന കർത്തവ്യം. പാപത്തോടു പോരാടുന്നതിന്റെ ഒരു പ്രധാന ഉപാധിയാണ് വി. കമ്പസാരം. മനുഷ്യനെ പാപഭാരത്തിൽ നിന്നും വിമുക്തനാക്കി ദൈവത്തോട് അനുരഞ്ജിപ്പിക്കുന്നതിനേക്കാൾ ഉദാത്തമായ സൽക്രിയ മററുതുണ്ട്? എന്നാൽ വൈദികരിൽ കൂടെ സഭയുടെ പാപമോചന പ്രക്രിയ കൂടുതൽ കാര്യക്ഷമമാകണമെങ്കിൽ വളരെയധികം പരിഷ്ക്കരണം അതിനാവശ്യമാണെന്നു തോന്നുന്നു.

(അഭി. ഗ്രീഗോറിയോസ് തിരുമേനി 'പുരോഹിതൻ' ത്രൈമാസികയിൽ (1989 ഏപ്രിൽ–ജൂൺ) എഴുതിയ മുഖലേഖനമാണിതു്–പത്രാധിപർ)

## ബഥേൽ ബുക്ക്ക്ലബ്

കർത്താവിൽ പ്രിയരെ!

പൗരസ്ത്യ സഭാ പിതാക്കന്മാരുടേയും, പ്രശസ്ത ദൈവ ശാസ്ത്രജ്ഞന്മാരുടേയും, എഴുത്തുകാരുടേയും ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ, ദൈവ കൃപയിൽ ആശ്രയിച്ച് 1989 ഡിസംബറിൽ ഏതാനും ഓർത്തഡോക്സ് സഭാ വിശ്വാസികൾ ചേർന്ന് രൂപം കൊടുത്ത് പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് ബഥേൽ പബ്ലിക്കേഷൻസ്. ഈ സ്ഥാപനത്തിന്റെ ലക്ഷ്യം ലാഭസമ്പാദനമല്ല.

ബഥേൽ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച 'രഹസ്യപ്രാർത്ഥനകൾ' എന്ന ഗ്രന്ഥം സൗജന്യമായി വിതരണം ചെയ്തു കൊണ്ടിരിക്കുന്നു. ഓ. യൂത്ത്, ഓ. ഹെറാൾഡ് എന്നിവയിൽ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തെപ്പററിയുള്ള വാർത്തകൾ കണ്ട് ധാരാളം ആളുകൾ ഈ ഗ്രന്ഥത്തിനായി ആവശ്യപ്പെട്ട് എഴുതിക്കൊണ്ടിരിക്കുന്നു. അവർക്കെല്ലാം തന്നെ പുസ്തകം അയച്ചുകൊടുക്കുകയും ചെയ്യുന്നു. 1990 ഫെബ്രുവരി 23 നു് വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് ഞങ്ങളുടെ ന്യൂസ് ലററിന്റെ ഒന്നാം ലക്കം (നമ്പ്രാണി) പ്രസിദ്ധീകരിച്ചു.

ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മുൻപോട്ടുകൊണ്ടുപോകുവാൻ ആവശ്യമായ പണം ശേഖരിക്കുന്നതിനായി ഒരു ബുക് ക്ലബ്ബ് ആരംഭിക്കുവാൻ തീരുമാനിച്ചു. ബഥേൽ ബുക്ക്ലബ്ബ് എന്ന് അതിനു് നാമകരണവും ചെയ്തു. സാധാരണ ബുക്ക്ക്ലബ്ബുകളിൽ അംഗത്വം എടുത്താൽ പുസ്തകങ്ങളുടെ വിലയിൽ കുറച്ചുശതമാനം ഡിസ്കൗണ്ട് മാത്രമാണ് കിട്ടുക. പക്ഷേ ബഥേൽ ബുക്ക്ലബ്ബിൽ അംഗമായാൽ ബഥേൽ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളും, ലഘുലേഖകളും, ന്യൂസ് ലററും നിങ്ങൾക്ക് ലഭിക്കും. ഒരു വർഷം 50 രൂപ വിലയ്ക്കുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നതു്. ഈ പ്രസ്ഥാനത്തോടു സഹകരിക്കുവാൻ ആഗ്രഹിക്കുന്നവർ ബഥേൽ ബുക്ക്ലബ്ബിൽ അംഗത്വം എടുത്ത് ഞങ്ങളോട് സഹകരിക്കുക.

സ്നേഹപൂർവ്വം ബഥേൽ പബ്ലിക്കേഷൻസ് പ്രവർത്തകർ

ബഥേൽ ബുക്ക്ലബ്ബിൽ അംഗമാകുവാൻ:–



ഓർഡിനറി ബുക്ക് ക്ലബ്ബ് അംഗത്വഫീസ്

10 വർഷത്തേയ്ക്കു് – 50 രൂപ

5 വർഷത്തേയ്ക്കു് – 25 രൂപ

അസോസിയേററ് ബുക്ക്ലബ്ബ് അംഗത്വഫീസ്

2 വർഷത്തേയ്ക്കു് – 10 രൂപ

1 വർഷത്തേയ്ക്കു് – 5 രൂപ

(അസോസിയേററ് ബുക് ക്ലബ്ബ് അംഗത്വഫീസിൽ പിന്നീട് വർദ്ധനവുകൾ ഉണ്ടാകാം.)

നിങ്ങൾ ചെയ്യേണ്ടതു് –

ഇന്നുതന്നെ ബുക് ക്ലബ്ബിൽ അംഗമാകുവാൻ തീരുമാനിക്കുക. അംഗത്വഫീസ് എത്രയും വേഗം മണി ഓർഡർ ആയി അയച്ചുതരിക. മണിഓർഡർ കൂപ്പണിൽ നിങ്ങളുടെ വ്യക്തമായ മേൽവിലാസം എഴുതുക. (പിൻകോഡും ജില്ലയും കൂടി എഴുതാൻ പ്രത്യേകം ശ്രദ്ധിക്കുക) ഭാഗ്യം നിങ്ങളെ കാത്തിരിക്കുന്നു.

ഞങ്ങൾ ചെയ്യുന്നതു് 1990 മെയ് 31 – നകം ബുക്ക്ലബിൽ അംഗമാകുന്നവരുടെ രജി. നമ്പരുകൾ നറുക്കിടും.

ഒന്നാം സമ്മാനം – ബുക്ക്ലബ് അംഗത്വം 10 വർഷത്തേയ്ക്കു് സൗജന്യം

രണ്ടാം സമ്മാനം – ബുക്ക്ലബ്ബ് അംഗത്വം 5 വഷത്തേയ്ക്കു് സൗജന്യം

മൂന്നാം സമ്മാനം – ബുക്ക്ലബ്ബ് അംഗത്വം 2 വഷത്തേയ്ക്കു് സൗജന്യം

നറുക്കെടുപ്പ് തീയതി - 1990 ജൂൺ 3

# പാപമോചനപ്രക്രിയ

## ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

പാപത്തിന്റെ ശക്തി പണ്ടത്തേക്കാൾ ക്രമാധീകം വർദ്ധിച്ചിരിയ്ക്കുന്നുവെന്നു തോന്നുന്നു. പിശാചിനു ദൈവം പ്രത്യേക ലൈസൻസ് കൊടുത്തിരിയ്ക്കുകയാണെന്നു ചിലർക്ക് തോന്നുന്നതിൽ അത്ഭുതമില്ല. ദ്രവ്യാഗ്രഹം, ശിക്ഷണ രാഹിത്യം, സ്വാർത്ഥത, ക്രൂരത, മോഹപൂരണവ്യഗ്രതാ, മദ്യപാനം, പ്രാർത്ഥനയില്ലായ്മ ഇവയൊക്കെ പണക്കാരിലും, പാവപ്പെട്ടവരിലും, ഇടത്തരക്കാരിലും ഒരു പോലെ പടരുന്നു.

ഇടവകകളിലാണെങ്കിലും അല്പം പണമുണ്ടായിത്തുടങ്ങിയതോടെയാണെന്നു തോന്നുന്നു, അധികാരമോഹവും മഹത്വമോഹവും മൂലമുള്ള കൊച്ചുകലഹങ്ങൾ വർദ്ധിച്ചു വരുന്നു. പള്ളിയുടെ പണം അപഹരിയ്ക്കുന്നതിൽ നിന്നു പോലും പലരുടെയും മന:സാക്ഷി അവരെ പിടിച്ചു നിർത്തുന്നില്ല.

രാഷ്ട്രത്തിൽ പൊതുവേ ധാർമ്മികതയുടെ അധഃപതന ലക്ഷണങ്ങൾ ഉടനീളം കാണുന്നു. പാർട്ടിയിലായാലും, പള്ളിയിലായാലും ധാർമ്മീകതയേക്കാൾ അധികാരമോഹമാണ് കളിയാടിക്കാണുന്നത്.

ദ്രവിച്ചുകൊണ്ടിരിക്കുന്ന പാശ്ചാത്യ സംസ്കാരത്തിന്റെ മാരകമൂല്ല്യങ്ങൾ നമ്മുടെയിടയിലേയ്ക്കും കടന്നുവരാൻ തുടങ്ങിയിട്ട് നാളേറെയായി. ഭാരത സംസ്കാരത്തിന് സ്ഥാപരമായ എന്തെങ്കിലും മഹത്വമുണ്ടെങ്കിൽ അതു ധാർമ്മികതയിലും ആധ്യാത്മികതയിലും അധിഷ്ഠിതമാണ്. ആ ധാർമ്മികതയും ആധ്യാത്മികതയുമാണ് നമ്മുക്ക് ഇന്നു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതു്.

ഒരു കാലത്തു നമ്മുടെ നാട്ടിൽ ക്രിസ്തീയ സ്ഥാപനങ്ങളും സമൂഹങ്ങളും ധാർമികതയെ ഉയർത്തിപ്പിടിക്കുന്നവരായിരുന്നു. ഇന്നാകട്ടെ അവിടെത്തന്നെയാണ് ധാർമികതയുടെ അധഃപതനം കൂടുതലായി കാണുന്നത്. ഹിന്ദുക്കളുടേയും മുസ്ലീങ്ങളുടേയും സ്ഥാപനങ്ങൾ ക്രിസ്തീയ സ്ഥാപനങ്ങളേക്കാൾ ഉദാത്തമായ നിലവാരം പരിപാലിക്കുന്നു എന്നു വാദിക്കുന്നില്ല. പക്ഷേ മററു മതങ്ങൾക്കു പോലും മാതൃകയാകേണ്ടുന്ന ക്രിസ്തുമതം ധാർമികാധഃപതനത്തിൽ കൂടെ കടന്നുപോകുമ്പോൾ അന്യമതങ്ങളിലും അതേ പ്രതിഭാസം ഉണ്ടാകുന്നതിൽ അത്ഭുതപ്പെടാനില്ല.

ക്രിസ്തീയ ധാർമികതയേയും ആധ്യാത്മികതയേയും ഉയർത്തിപ്പിടിയ്ക്കുന്നതിൽ ഒരു പ്രധാന പങ്കാണു മെത്രാന്മാർക്കും വൈദീകർക്കും ഉള്ളതു്. സ്വാർത്ഥതയും സ്ഥാനമോഹവും സ്വന്തതാത്പര്യങ്ങളെക്കുറിച്ചുള്ള വ്യഗ്രതയും അവരിൽ അധികമായി കാണുമ്പോൾ പൊതുവേയുള്ള ധാർമിക നിലവാര ഇടിഞ്ഞുപോകുന്നു. ക്രൈസ്തവ വൈദീകർ സേവന തല്പരരായും പ്രാർത്ഥനാനിരതരായും നിസ്വാർത്ഥരായും കാണുകയെന്നുള്ളതു സമൂഹത്തിന്റെ തന്നെ ഒരാവശ്യമാണ്.

പാപത്തോടുള്ള പോരാട്ടമാണ് സഭയുടെ പ്രധാന കർത്തവ്യം. പാപത്തോടു പോരാടുന്നതിന്റെ ഒരു പ്രധാന ഉപാധിയാണ് വി. കുമ്പസാരം. മനുഷ്യനെ പാപഭാരത്തിൽ നിന്നും വിമുക്തനാക്കി ദൈവത്തോട് അനുരഞ്ജിപ്പിക്കുന്നതിനേക്കാൾ ഉദാത്തമായ സൽക്രിയ മറേറതുണ്ട്? എന്നാൽ വൈദികരിൽ കൂടെ സഭയുടെ പാപമോചന പ്രക്രിയ കൂടുതൽ കാര്യക്ഷമമാകണമെങ്കിൽ വളരെയധികം പരിഷ്ക്കരണം അതിനാവശ്യമാണെന്നു തോന്നുന്നു.

(അഭി. ഗ്രീഗോറിയോസ് തിരുമേനി 'പുരോഹിതൻ' ത്രൈമാസികയിൽ (1989 ഏപ്രിൽ–ജൂൺ) എഴുതിയ മുഖലേഖനമാണിതു്–പത്രാധിപർ)

## ബഥേൽ ബുക്ക്ക്ലബ്

കർത്താവിൽ പ്രിയരെ!

പൗരസ്ത്യ സഭാ പിതാക്കന്മാരുടേയും, പ്രശസ്ത ദൈവ ശാസ്ത്രജ്ഞന്മാരുടേയും, എഴുത്തുകാരുടേയും ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ, ദൈവ കൃപയിൽ ആശ്രയിച്ച് 1989 ഡിസംബറിൽ ഏതാനും ഓർത്തഡോക്സ് സഭാ വിശ്വാസികൾ ചേർന്ന് രൂപം കൊടുത്ത് പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് ബഥേൽ പബ്ലിക്കേഷൻസ്. ഈ സ്ഥാപനത്തിന്റെ ലക്ഷ്യം ലാഭ സമ്പാദനമല്ല.

ബഥേൽ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച 'രഹസ്യപ്രാർത്ഥനകൾ' എന്ന ഗ്രന്ഥം സൗജന്യമായി വിതരണം ചെയ്തു കൊണ്ടിരിക്കുന്നു. ഓ. യൂത്ത്, ഓ. ഹെറാൾഡ് എന്നിവയിൽ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തെപ്പററിയുള്ള വാർത്തകൾ കണ്ട് ധാരാളം ആളുകൾ ഈ ഗ്രന്ഥത്തിനായി ആവശ്യപ്പെട്ട് എഴുതിക്കൊണ്ടിരിക്കുന്നു. അവർക്കെല്ലാം തന്നെ പുസ്തകം അയച്ചുകൊടുക്കുകയും ചെയ്യുന്നു. 1990 ഫെബ്രുവരി 23 ന് വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുനാളിനോടനുബന്ധിച്ച് ഞങ്ങളുടെ ന്യൂസ് ലററിന്റെ ഒന്നാം ലക്കം (നസ്രാണി) പ്രസിദ്ധീകരിച്ചു.

ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മുൻപോട്ടുകൊണ്ടുപോകുവാൻ ആവശ്യമായ പണം ശേഖരിക്കുന്നതിനായി ഒരു ബുക് ക്ലബ്ബ് ആരംഭിക്കുവാൻ തീരുമാനിച്ചു. ബഥേൽ ബുക്ക്ലബ്ബ് എന്ന് അതിന് നാമകരണവും ചെയ്തു. സാധാരണ ബുക്ക്ക്ലബ്ബുകളിൽ അംഗത്വം എടുത്താൽ പുസ്തകങ്ങളുടെ വിലയിൽ കുറച്ചുശതമാനം ഡിസ്കൗണ്ട് മാത്രമാണ് കിട്ടുക. പക്ഷേ ബഥേൽ ബുക്ക്ലബ്ബിൽ അംഗമായാൽ ബഥേൽ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളും, ലഘുലേഖകളും, ന്യൂസ് ലററും നിങ്ങൾക്ക് ലഭിക്കും. ഒരു വർഷം 50 രൂപ വിലയ്ക്കുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നതു്. ഈ പ്രസ്ഥാനത്തോടു സഹകരിക്കുവാൻ ആഗ്രഹിക്കുന്നവർ ബഥേൽ ബുക്ക്ലബ്ബിൽ അംഗത്വം എടുത്ത് ഞങ്ങളോട് സഹകരിക്കുക.

സ്നേഹപൂർവ്വം ബഥേൽ പബ്ലിക്കേഷൻസ് പ്രവർത്തകർ



ബഥേൽ ബുക്ക്ലബ്ബിൽ അംഗമാകുവാൻ:–

ഓർഡിനറി ബുക്ക് ക്ലബ്ബ് അംഗത്വഫീസ്

10 വർഷത്തേയ്ക്ക് – 50 രൂപ

5 വർഷത്തേയ്ക്ക് – 25 രൂപ

അസോസിയേററ് ബുക്ക്ലബ്ബ് അംഗത്വഫീസ്

2 വർഷത്തേയ്ക്ക് – 10 രൂപ

1 വർഷത്തേയ്ക്ക് – 5 രൂപ

(അസോസിയേററ് ബുക് ക്ലബ്ബ് അംഗത്വഫീസിൽ പിന്നീട് വർദ്ധനവുകൾ ഉണ്ടാകാം.)

നിങ്ങൾ ചെയ്യേണ്ടതു് –

ഇന്നുതന്നെ ബുക് ക്ലബ്ബിൽ അംഗമാകുവാൻ തീരുമാനിക്കുക. അംഗത്വഫീസ് എത്രയും വേഗം മണി ഓർഡർ ആയി അയച്ചുതരിക. മണിഓർഡർ കൂപ്പണിൽ നിങ്ങളുടെ വ്യക്തമായ മേൽവിലാസം എഴുതുക. (പിൻകോഡും ജില്ലയും കൂടി എഴുതാൻ പ്രത്യേകം ശ്രദ്ധിക്കുക ) ഭാഗ്യം നിങ്ങളെ കാത്തിരിക്കുന്നു.

ഞങ്ങൾ ചെയ്യുന്നതു് 1990 മെയ് 31 – നകം ബുക്ക്ലബിൽ അംഗമാകുന്നവരുടെ രജി. നമ്പരുകൾ നറുക്കിടും.

ഒന്നാം സമ്മാനം – ബുക്ക്ലബ് അംഗത്വം 10 വർഷത്തേയ്ക്ക് സൗജന്യം

രണ്ടാം സമ്മാനം – ബുക്ക്ലബ്ബ് അംഗത്വം 5 വഷത്തേയ്ക്ക് സൗജന്യം

മൂന്നാം സമ്മാനം – ബുക്ക്ലബ്ബ് അംഗത്വം 2 വഷത്തേയ്ക്ക് സൗജന്യം

നറുക്കെടുപ്പ് തീയതി - 1990 ജൂൺ 3

## പൗരസ്ത്യദീപം

മലങ്കരസഭയുടെ വിശ്വാസാചാരങ്ങളും, പാരമ്പര്യങ്ങളും, വിശുദ്ധ വേദപുസ്തകത്തിലെ മർമ്മങ്ങളും സഭാംഗങ്ങൾക്ക് വിശദീകരിച്ചു നൽകുന്നതിന് കൊല്ലം ഭദ്രാസനത്തിന്റെ ചുമതലയിൽ 'പൗരസ്ത്യദീപം' എന്ന ഒരു മാസിക, 1990 ജനുവരി മുതൽ പ്രസിദ്ധീകരിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഈ മാസികയുടെ ചീഫ് എഡിറ്ററായി റവ. ഫാ. കെ. എൽ. മാത്യു വൈദ്യൻ പ്രവർത്തിക്കുന്നു. വാർഷിക വരിസംഖ്യ 15 രൂപ. വിലാസം – പൗരസ്ത്യദീപം. ബിഷപ്പ്സ് ഹൗസ്, ക്രോസ് ജംഗ്ഷൻ, കൊല്ലം – 1

## ശ്രദ്ധിക്കുക

നസ്രാണിയിൽ പ്രസിദ്ധീകരിക്കുവാൻ വേണ്ടി ലേഖനങ്ങൾ, കഥകൾ, കവിതകൾ, ഗ്രന്ഥനിരൂപണങ്ങൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു. മാറ്ററുകൾ എഡിറ്റർ, 'നസ്രാണി' C/o ബഥേൽ പബ്ലിക്കേഷൻസ്, പരിയാരം. കോട്ടയം 21– എന്ന വിലാസത്തിൽ അയച്ചുതരിക.

X X X X X X X

പ്രശസ്ത എഴുത്തുകാരെ പരിചയപ്പെടുത്തുന്ന 'ഇവരെ പരിചയപ്പെടുക' എന്ന ഒരു പംക്തി അടുത്തലക്കം മുതൽ പ്രസിദ്ധീകരിച്ചു തുടങ്ങുന്നു.

## ബഥേൽ

ബഥേൽ എന്ന പദം 'ബൈത്തോ' എന്നും 'ഈൽ' എന്നും രണ്ടു സുറിയാനി പദങ്ങൾ ചേർന്നുള്ളതാണ്. ബൈത്തോ എന്നതിനു ഭവനം (ആലയം) എന്നും ഈൽ എന്നതിനു ദൈവം എന്നുമാണ് അർത്ഥം. ''ദൈവത്തിന്റെ ഭവനം'' എന്നാണ് ബഥേൽ എന്നതിനു അർത്ഥം.

## സഹായിക്കുക

നസ്രാണി എല്ലാ ഓർത്തഡോക്സ് സഭാ ഭവനങ്ങളിലും എത്തിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങൾ സഹായിക്കണം

a) നിങ്ങൾക്കു പരിചയമുള്ളവരുടെയോ, സുഹൃത്തുക്കളുടെയോ, ബന്ധുക്കളുടെയോ വിലാസങ്ങൾ അയച്ചുതരിക. നസ്രാണിയുടെ ഒരു സാമ്പിൾ കോപ്പി അയച്ചു കൊടുക്കാം. ഒരു സാമ്പിൾ കോപ്പി അയയ്ക്കുന്നതിന് 50 പൈസയുടെ സ്റ്റാമ്പ് വേണം. അത് നിങ്ങൾ അയച്ചു തന്നാൽ ഉപകാരമായിരിക്കും.

b) നിങ്ങളുടെ സ്ഥലത്തുള്ള പ്രെയർഗ്രൂപ്പിലോ, കൺവൻഷനിലോ, പള്ളിയിലോ, വിതരണം ചെയ്യുവാൻ നസ്രാണിയുടെ കോപ്പികൾ ആവശ്യപ്പെട്ടാൽ അയച്ചുതരുന്നതാണ്.

### നിങ്ങൾക്ക് ഞങ്ങളെ എങ്ങനെ സഹായിക്കാം.

1. ഈ പ്രസ്ഥാനത്തിന്റെ പുറകിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക.
2. ബഥേൽ ബുക്ക്ക്ലബ്ബിൽ അംഗമാകുക.
3. മറ്റുള്ളവരെ ബുക്ക്ക്ലബ്ബ് അംഗങ്ങളാക്കാൻ പ്രേരിപ്പിക്കുക.
4. 'നസ്രാണി' യെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക.

x x x x

Printed and Published by J. T. on behalf of Bethel Publications at VISWAMATHA PRINTERS, CHY-4 Editor. J. T. Office Address: Bethel Publications, Pariyaram, Kottayam - 21, Kerala.

# *മറിയമിന്റെ മഹത്വഗീതം*

അധികം ക്രൈസ്തവ വനിതകളും മേരിമാരാണ്; ബൈബിളിൽ വിശേഷിച്ചും പുതിയ നിയമത്തിൽ പല മേരിമാരുണ്ടുതാനും മേരിമാരിൽ അഗ്രഗണ്യ യേശുവിന്റെ മാതാവായ കന്യകമറിയമാണ്. ക്രൈസ്തവ വേദശാസ്ത്രവൃത്തങ്ങളിൽ മേരിയെക്കുറിച്ചു വളരെയേറെ ചർച്ചകൾ നടന്നിട്ടുണ്ട്. മേരിശാസ്ത്രം അഥവാ മേറിയോളജി എന്ന ഒരു വിജ്ഞാനശാഖതന്നെയുണ്ട്. മറിയത്തെക്കുറിച്ചു ധാരാളം വിവാദങ്ങൾ നടന്നിട്ടുണ്ട്. സഭയിൽ മറിയത്തിന്റെ സ്ഥാനമെന്താണ്? ഒരുകൂട്ടർ മറിയത്തെ ദൈവമാതാവായും യേശുവിനോടൊപ്പം ലോകത്തിന്റെ രക്ഷചെയ്യുന്ന ആളായും കണക്കാക്കുന്നു; മറ്റൊരു കൂട്ടർ മറിയത്തെ യേശുവിനെ പ്രസവിച്ച ഒരു സാധാരണ സ്ത്രീയായി പരിഗണിക്കുന്നു. പണം സൂക്ഷിക്കുന്ന മടിശ്ശീലമാത്രമായിരുന്നില്ലേ മറിയമെന്ന് അവർ ചോദിക്കുന്നു; നിർമ്മലയും സാധ്വിയുമായ ഒരു സ്ത്രീ- മറിയം അത്രമാത്രമായിരുന്നു.

ലോകത്തിൽ ഇത്രയധികം വേദന സഹിച്ചിട്ടുള്ള സ്ത്രീകൾ അധികമുണ്ടാവില്ല. ഇത്രയധികം ആനന്ദം അനുഭവിച്ച സ്ത്രീകളുമുണ്ടാവില്ല. മകനെ ശത്രുക്കൾ ക്രൂശിലേറ്റുന്നതു കണ്ടുകൊണ്ടുനിന്ന അമ്മയാണു മറിയം. കുരിശിൽനിന്നുമിറക്കിയ മകന്റെ മൃതശരീരം മടിയിലെടുത്തുവച്ചിരിക്കുന്ന മറിയത്തെ മൈക്കലാഞ്ജലോ വിഭാവനം ചെയ്തു. അതിനിർമ്മലമായ മാർബിളിൽ, ആ സന്ദർഭം അദ്ദേഹം പകർത്തുകയും ചെയ്തു. അതാണല്ലോ, പിയാത്താ. മറിയം ഏററവും കൂടുതൽ ആനന്ദം നുകർന്നതു സ്വന്തം മകൻ മൃതരിൽനിന്നും ഉയിർത്തെഴുന്നേററു എന്നറിഞ്ഞപ്പോഴാണ്. ലോകത്തിൽ നാളിതുവരെ ആരും മരിച്ചതിനുശേഷം ഉയിർത്തെഴുന്നേററിട്ടില്ല.

**ഡോ. കെ. എം. തരകൻ**

യേശു ഗർഭത്തിൽ സ്ഥിതിചെയ്യുമ്പോൾ മറിയം തന്റെ ബന്ധുവായ എലിസബേത്തിനെ സന്ദർശിച്ചു. എലിസബേത്തിന്റെ ഗർഭത്തിൽ സ്ഥിതിചെയ്ത യോഹന്നാൻ മറിയത്തിന്റെ ഗർഭത്തിൽ സ്ഥിതിചെയ്ത യേശുവിന്റെ മഹത്വവും പ്രസക്തിയും ശരിയും മനസ്സിലാക്കുകയും തുള്ളുകയും ചെയ്തു. എലിസബേത്ത് മറിയത്തെ അഭിസംബോധന ചെയ്തു. അപ്പോൾ മറിയം ദൈവത്തെ മഹത്വപ്പെടുത്തി മനോഹരമായ ഒരു സ്തവം അതിമധുരമായി പാടി.

മറിയമിന്റെ പാട്ടു കേവലം സ്തവമല്ല; അതു് ആശയങ്ങളുടെ ആവിഷ്കാരവുമാണ്. മറിയം പാടി. ''എന്റെ ആത്മാവ് ദൈവത്തെ മഹത്വപ്പെടുത്തുന്നു. എന്റെ രക്ഷകനായ ദൈവത്തിൽ എന്റെ ആത്മാവ് ഉല്ലസിച്ച് ആനന്ദിക്കുന്നു. എന്തെന്നാൽ തന്റെ ദാസിയുടെ താഴ്മ അവിടുന്നു കണ്ടു. മേലിൽ എല്ലാ തലമുറയും എന്നെ അനുഗ്രഹിക്കപ്പെട്ടവൾ എന്നു വിളിക്കും. എന്തെന്നാൽ ശക്തൻ എന്നിൽ വലിയ കാര്യങ്ങൾ ചെയ്തു. അവിടുത്തെ നാമം വിശുദ്ധമാകട്ടെ. അവിടുത്തെ ഭയപ്പെടുന്നവരുമേൽ തലമുറതലമുറകളോളം കാരുണ്യമുണ്ടാവട്ടെ. അവിടുന്നു തന്റെ ഭുജബലം പ്രദർശിപ്പിച്ചിരിക്കുന്നു. അവിടുന്ന് അഹങ്കാരികളെ അവരുടെ ഭാവനയിൽ ചിതറിച്ചിരിക്കുന്നു; പ്രതാപശാലികളെ അവിടുന്നു സിംഹാസനഭ്രഷ്ടരാക്കിയിരിക്കുന്നു; താഴ്മവരെ ഉയർത്തിയിരിക്കുന്നു; വിശന്നുപൊരിഞ്ഞവരെ അവിടുന്നു തീററിപ്പോററി; ധനികരെ അവിടുന്നു വെറുങ്കൈയോടെ വിട്ടു.''

ഈ പാട്ട് വിശ്വപ്രസിദ്ധമാണ്. മറിയം അവതരിപ്പിച്ചത് ഒരു വലിയ മാനിഫെസ്റ്റോയാണ്; യേശുവിൻെറ മാനിഫെസ്റ്റോ? പുതിയ വിപ്ലവ പാർട്ടിയുടെ മാനിഫെസ്റ്റോ? അഹങ്കാരികൾ താഴെപ്പതിക്കും. പ്രതാപശാലികൾ സിംഹാസനഭ്രഷ്ടരാകും. പഴയ സമ്പദ് ഘടനയും സമൂഹഘടനയും തകരും. പുതിയ ഒരു സാമൂഹ്യ വ്യവസ്ഥയുണ്ടാകും. അതാണു മറിയം വിഭാവനം ചെയ്തതു്. എന്നിട്ടു ക്രിസ്തുവിൻെറ ആഗമനത്തിനുശേഷം മറിയത്തിൻെറ പ്രവചനം ഫലിച്ചുവോ? അത്ഥഗർഭവും വേദനാജനകവുമായ ചോദ്യമാണിതു്.

ഏതാണ്ടു രണ്ടായിരം വർഷങ്ങൾ കഴിഞ്ഞു പോയിരിക്കുന്നു. ലോകത്തിൽ ക്രൈസ്തവർ സമൃദ്ധിയായുണ്ട്. ക്രൈസ്തവസഭകൾ ശക്തമാണുതാനും. വമ്പിച്ച പല വ്യതിയാനങ്ങളും സമൂഹത്തിലും സമ്പദ്സംവിധാനത്തിലും വന്നു. ലോകം നിരവധി സാമ്രാജ്യങ്ങളുടെ ഉദയപതനങ്ങൾ കണ്ടു. സംസ്ഥാനങ്ങളുടെ അപചയവും ഉയർച്ചയും കണ്ടു. ഇന്നത്തെ മനുഷ്യർ പണ്ടത്തെ മനുഷ്യനെ അപേക്ഷിച്ചു സ്വതന്ത്രരാണ്. എങ്കിലും നെബൂക്കദ്നേസർമാരും ഹിരണ്യകശിപുമാരും ലോകത്തെ കിടുകിടെ വിറപ്പിക്കുന്നു. ശക്തന്മാർ ബലഹീനരെ ചൂഷണം ചെയ്യുന്നു. അടിമത്തത്തിൽ അമർത്തുന്നു. എവിടെയാണു മനുഷ്യനു വിമോചനം? എപ്പോഴാണു മനുഷ്യർ ക്രിസ്തു വിഭാവനം ചെയ്ത വിധത്തിൽ ഏകോദരസഹോദരങ്ങളെപ്പോലെ ജീവിക്കുക? എപ്പോഴാണു സമൂഹത്തിൽ സ്ഥിതിസമത്വം പുലരുക? മറിയം വിഭാവനം ചെയ്ത സമൂഹം താമസിയാതെ ഉദയം ചെയ്യുമെങ്കിൽ ലോകത്തിലുള്ള സർവമനുഷ്യരും സഹോദരരായിരുന്നെങ്കിൽ; സർവർക്കും സമാധാനം സിദ്ധിച്ചിരുന്നെങ്കിൽ! ഇല്ല, ഇപ്പോഴും വഞ്ചകൻ ശക്തരെ കൂടുതൽ ശക്തരാക്കുന്നു; ബലഹീനരെ കൂടുതൽ നിസ്സഹായരാക്കുന്നു. പക്ഷേ ദൈവം സർവ്വവും കാണുന്നു. ദൈവം സത്യം മനസ്സിലാക്കുന്നു. സാവകാശത്തിലാണെങ്കിലും സത്യം നടപ്പാക്കുമെന്നു തീർച്ച.



---

## ഇടയലേഖനങ്ങൾ

ചെങ്ങന്നൂർ മെത്രാസന കേന്ദ്രത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'ബഥേൽ പത്രിക' എന്ന മാസികയിൽ ഭദ്രാസനാധിപനായ തോമസ് മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ എഴുതിയ ഇടയലേഖനങ്ങളുടെ സമാഹാരം 'ഇടയലേഖനങ്ങൾ' എന്നപേരിൽ ഒരു പുസ്തകമായി ബഥേൽ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ചു.

ഇൻഡ്യയെ എങ്ങനെ സുവിശേഷീകരിക്കാം?

ഈ വിഷയത്തെ ആസ്പദമാക്കിയുള്ള ഗ്രന്ഥങ്ങൾ ബഥേൽ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്നു. താത്പര്യമുള്ള എഴുത്തുകാർ മാനേജരുമായി ബന്ധപ്പെടുക.

---